## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4637 — 29.6.2012-ൽ മറുപടിയ്ക്ക്

### കൃഷിയുടെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>,, പി. തിലോത്തമൻ :<br>,, വി. ശശി :<br>ശ്രീമതി ഇ. എസ്. ബിജിമോൾ : | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കൃഷിയുടെ ആധുനികവൽക്കരണത്തിലൂടെ നടപ്പാക്കുന്ന ഹൈടെക് കൃഷിക്കായി കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് എത്തിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഹൈടെക് കൃഷി പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ അളവുള്ള ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് 935 രൂപ നിരക്കിൽ മൊത്തം ചെലവുവരുന്ന 3.74 ലക്ഷം രൂപയുടെ 75 ശതമാനമായ 2.805 ലക്ഷം രൂപയും, കർഷകരുടെ പറമ്പുകളിൽ 500 ചതുരശ്ര മീറ്റർ അളവുള്ള ഗ്രീൻ ഹൗസ് പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 935 രൂപ നിരക്കിൽ മൊത്തം ചെലവുവരുന്ന 4.675 ലക്ഷം രൂപയുടെ 75 ശതമാനമായ 3.506 ലക്ഷം രൂപയും, തുറസ്സായ സ്ഥലത്തുള്ള സൂക്ഷ്മ കൃഷിക്ക് ഹെക്ടർ ഒന്നിന് മൊത്ത പദ്ധതി ചെലവായ 1 ലക്ഷം രൂപയുടെ 40 ശതമാനമായ 40,000 രൂപയും കർഷകർക്ക് ധനസഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2012 -13 സാമ്പത്തിക വർഷം സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 500 ച.മീറ്റർ വീതമുള്ള 12 പോളി ഹൗസുകൾ 75 ശതമാനം സബ്സിഡിയിൽ സ്ഥാപിക്കുവാനും 38 ഏക്കറിൽ പ്രിസിഷൻ ഫാമിംങ് ഏക്കറിന് 75000 രുപയുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനുള്ള പദ്ധതിയും വി.എഫ്.പി.സി.കെ. ലക്ഷ്യമിട്ടിട്ടുണ്ട്.

Snehamo

**സെക്ഷൻ ഓഫീസർ**